## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 420** **12.06.2012-ൽ മറുപടിക്ക്.**

## റോഡ് സുരക്ഷാ ബോധവൽക്കരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. അച്ചുതൻ:<br>ശ്രീ. അൻവർ സാദത്ത്:<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ:<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും<br>വകുപ്പു മന്ത്രി) | |
| (എ) | റോഡപകടങ്ങൾ ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | കേരള റോഡ് സുരക്ഷ അതോറിറ്റി വിവിധ വകുപ്പുകളെ ഏകോപിച്ചു കൊണ്ട് റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ നടത്തി വരുന്നു. വാഹനാപകടങ്ങൾ നിയന്ത്രിക്കുന്നതിന് പരിഹാര നടപടികൾ സ്വീകരിക്കുന്ന തിന്റെ ഭാഗമായി അപകടങ്ങളും അപകടമരണങ്ങളും, കൂടുതൽ സംഭവിക്കുന്ന മേഖലകളിൽ അപകട നിവാരണത്തിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ അപകടങ്ങളും, ഗതാഗതകുരുക്കും, ട്രാഫിക് വയലേഷനുകളും കൂടുതൽ സംഭവിക്കുന്ന റോഡുകളിൽ, മേഖലാ അടിസ്ഥാനത്തിൽ പഠനം നടത്തി പോലീസ്, മോട്ടോർ വാഹനം, പൊതുമരാമത്ത് എന്നീ വകുപ്പുകൾ നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാന ത്തിൽ അപകട വിമുക്ത മാതൃകാ റോഡ് പദ്ധതി വിവിധ വകുപ്പുകൾ മുഖേന നടപ്പാക്കുന്നുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | വാഹനങ്ങളുടെ അമിത വേഗത നിയന്ത്രിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി സ്റ്റേജ് കാര്യേജുകളിലും ഹെവി വാഹനങ്ങളിലും ടിപ്പർ വാഹനങ്ങളിലും സ്പീഡ് ഗവർണ്ണർ നിർബന്ധമാക്കിയിട്ടുണ്ട്. സ്പീഡ് ട്രേസറുകൾ, മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് എന്നിവ ഉപയോഗിച്ചുള്ള വാഹന പരിശോധനകളിലും ഓഫീസ് തലങ്ങളിൽ നടത്തപ്പെടുന്ന പരിശോധനകളിലും അമിത വേഗതയിലോടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇത് കൂടാതെ മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ ഡ്രൈവർമാർക്ക് നൽകുന്ന പരിശീലനങ്ങളിൽ അമിതവേഗതക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്.<br>പ്രീ ഡ്രൈവേഴ്സ് ടെസ്റ്റ് പരിശീലനം, ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടർമാർക്കുള്ള പരിശീലനം, വിദ്യാർത്ഥികൾക്കും, അധ്യാപകർക്കുമുള്ള പരിശീലനം ട്രാൻസ്പോർട്ട് , നോൺ ട്രാൻസ്പോർട്ട് ഡ്രൈവർമാരിൽ അവബോധം വളർത്തുന്നതിനായി നടത്തുന്ന പരിശീലന പരിപാടികൾ മുതലായവ നടപ്പിലാക്കി വരുന്നു.<br>ജില്ലാതലത്തിൽ സ്പീഡ് ട്രേസറുകൾ ഉപയോഗിച്ചും മേഖലാതലത്തിൽ അത്യാധുനിക റഡാർ സംവിധാനമുള്ള ഇന്റർസെപ്റ്ററുകൾ ഉപയോഗിച്ചും വാഹനങ്ങളുടെ അമിതവേഗത കണ്ടുപിടിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനു പുറമേ വാഹനാപകടങ്ങളുടെ സാന്ദ്രത കൂടിയ ബ്ലാക്ക് സ്പോട്ടുകൾ കണ്ടുപിടിച്ച്, പൊതുമരാമത്ത് വകുപ്പ് തുടങ്ങി മറ്റ് വകുപ്പുകളുടെ സഹായത്തോടു കൂടി |

| | | | |
|---|---|---|---|
| | | | തിരുത്തൽ നടപടികൾ എടുക്കുന്നുണ്ട്. ചേർത്തല- മണ്ണുത്തി റോഡ് അപകടരഹിതമായ മാതൃകാ റോഡാക്കി മാറ്റുന്നതിനുള്ള നടപടികൾ നടത്തിവരുന്നു. ഇതിന്റെ ഭാഗമായി സർവൈലൻസ് ക്യാമറകൾ, ട്രാഫിക് സൈൻ ബോർഡുകൾ എന്നിവ സ്ഥാപിക്കുകയും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു വരുന്നു. നിലവിലുള്ള 17 സ്ക്വാഡുകൾക്ക് പുറമെ വാഹന പരിശോധന ശക്തമാക്കുന്നതിന് വകുപ്പിന് പുതുതായി അനുവദിച്ച 17 മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ്, എ.എം.വി.ഐ. മാരുടെ പരിശീലനം പൂർത്തിയാകുന്ന മുറയ്ക്ക് പ്രവർത്തനം തുടങ്ങുന്നതാണ്.<br>ഹൈവേയിൽ അപകടങ്ങൾ പരമാവധി കുറയ്ക്കുന്നതിനും അപകടങ്ങൾ ഉണ്ടായാൽ അടിയന്തിര രക്ഷാപ്രവർത്തനം നടത്തുന്നതിനുമായി ഹൈവേകളുമായി അടുത്തിടപഴകുന്ന പൗരൻമാരെ ഉൾപ്പെടുത്തിക്കൊണ്ട് വിവിധ സംഘടനകളുടെ സജീവ പങ്കാളിത്തത്തോടെ ഹൈവേ സുരക്ഷാ ജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ഹൈവേ ഓരങ്ങളിൽ സ്ഥിതിചെയ്യുന്ന സ്കൂളുകളിൽ റോഡ് സേഫ്റ്റി ക്ലബുകൾ രൂപീകരിച്ചിട്ടുണ്ട്. ഇത്തരം ക്ലബുകളുടെ ആഭിമുഖ്യത്തിൽ കുട്ടികൾക്ക് റോഡ് സുരക്ഷാ ക്ലാസ്സുകൾ ഹൈവേ പോലീസ് എസ്.ഐമാരുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചു വരുന്നു.<br>ട്രാഫിക് മേഖലയിൽ പ്രവൃത്തിയെടുക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് ട്രാഫിക് നിയമങ്ങൾ നടപ്പാക്കുന്നതിന്റെ ഭാഗമായുള്ള പ്രത്യേക പരിശീലനം കേരളത്തിനകത്തും പുറത്തുമുള്ള വിവിധ സ്ഥാപനങ്ങൾ മുഖേന നൽകി |

| | | | |
|---|---|---|---|
| | | | വരുന്നു.<br>വിവിധ ജില്ലകളിൽ ട്രാഫിക് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് മൊബൈൽ ട്രാഫിക് എഡ്യൂക്കേഷൻ പാർക്ക് നിർമ്മിക്കുകയും ഇവ സ്കൂളുകൾ/ ജംഗ്ഷനുകൾ എന്നിവ കേന്ദ്രീകരിച്ച് പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. സ്കൂൾ പരിസരങ്ങളിൽ വാഹനാപകടം കുറയ്ക്കുന്നതിനായി പോലീസ് വകുപ്പ് മുൻകൈ എടുത്ത് ആയിരത്തിൽപ്പരം സ്കൂളുകൾക്കു മുന്നിൽ വേഗപരിധി ബോർഡുകൾ സ്ഥാപിച്ചു. കൂടാതെ സ്കൂളുകൾക്ക് മുന്നിൽ പെലിക്കൺ ക്രോസ്സിംഗ് സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള നടപടികളും എടുത്തിട്ടുണ്ട്.<br>റോഡപകടങ്ങളിൽപ്പെടുന്നവരെ രക്ഷിച്ച് ആശുപത്രിയിൽ എത്തിക്കുന്ന വരെ ഒരു കാരണവശാലും ബുദ്ധിമുട്ടിക്കരുത് എന്ന കർശന നിർദ്ദേശം പോലീസ് ആസ്ഥാനത്തു നിന്നും നൽകിയിട്ടുണ്ട്. ഇതിനായി രക്ഷാ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി അവർക്ക് ഓരോ അപകടത്തിലും പരിക്ക് പറ്റുന്നവരെ ആശുപത്രിയിൽ എത്തിക്കുന്നതിന് പാരിതോഷികവും നൽകുന്നുണ്ട്.<br>റോഡ് ഉപയോക്താക്കളിൽ ശരിയായ ട്രാഫിക് സംസ്കാരം വളർത്തുന്നതിന് പൊതുജനങ്ങൾക്ക് പ്രത്യേകിച്ച് സ്കൂൾ കുട്ടികൾക്കായ് പ്രത്യേക ട്രാഫിക് ബോധവൽക്കരണ പരിപാടികൾ കേരള പോലീസ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. റോഡ് സുരക്ഷാ ക്ലാസ്സുകൾ, ചോദ്യോത്തര പരിപാടികൾ, ഫോട്ടോ പ്രദർശനം, ലഘു നാടകം തുടങ്ങിയവ കേരളത്തിലാകമാനം വിവിധ സ്കൂളുകളിൽ സംഘടിപ്പിച്ചു |

| | | | |
|---|---|---|---|
| | | | വരുന്നു. ട്രാഫിക് നിയമങ്ങൾ അച്ചടിച്ച ലഘു ലേഖകൾ , പുസ്തകങ്ങൾ തുടങ്ങിയവ അച്ചടിച്ച് വിവിധ സ്കൂളുകളിലും , പൊതു ജനങ്ങൾക്കും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിലൂടെയും റോഡ് സുരക്ഷാ സന്ദേശങ്ങൾ പ്രചരിപ്പിച്ചു വരുന്നു. സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയിലൂടെ ട്രാഫിക് ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചു വരുന്നുണ്ട്.<br>കൂടുതൽ ഫലപ്രദമായ ട്രാഫിക് എൻഫോഴ്സ്മെന്റ് നടപ്പിലാക്കുവാനായി പ്ലാൻ ഫണ്ട്, MOPF, റോഡ് സേഫ്റ്റി അതോറിറ്റി ഫണ്ട് എന്നിവ ഉപയോഗിച്ച് ആധുനിക ഇലക്ട്രോണിക് ഉപകരണങ്ങളായ സ്പീഡ് ഡിറ്റക്ഷൻ ക്യാമറകൾ, ആൽക്കോമീറ്റർ എന്നിവ വാങ്ങി ജില്ലകൾക്ക് നൽകുകയും അവയുടെ കാര്യക്ഷമമായ ഉപയോഗം ഉറപ്പുവരുത്തുകയും ചെയ്യുന്നു.<br>കാൽനടയാത്രക്കാരുടെ സുരക്ഷിതത്വത്തിന് മുൻഗണന നൽകുന്നതിനായി ഒരു തീവ്രയത്ന പരിപാടി നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഫുട്പാത്തുകളിൽ പാർക്കുചെയ്യുന്ന വാഹനങ്ങൾ നീക്കം ചെയ്യുകയും, അവയ്ക്കെതിരെ മോട്ടോർവാഹന നിയമപ്രകാരമുള്ള നടപടികൾ കൈക്കൊള്ളുന്നതിനുള്ള നിർദ്ദേശം എല്ലാ പോലീസ് മേധാവികൾക്കും നൽകിയിട്ടുണ്ട്. കൂടാതെ കവലകളിൽ വലിയ പരസ്യ ബോർഡുകൾ അനുവദിക്കാതിരിക്കുക, സീബ്രാ ക്രോസിംഗിൽ റോഡുമുറിച്ചു കടക്കാനുള്ള സൗകര്യം ചെയ്തു കൊടുക്കുക, ജാഗ്രതാ ബോർഡുകൾ സ്ഥാപിക്കുക, റോഡിന്റെ വശങ്ങളിൽ സാധന സാമഗ്രികൾ ഇറക്കി കാൽനടയാക്രാർക്ക് തടസ്സം |

| | | | |
|---|---|---|---|
| | | | സൃഷ്ടിക്കുന്നത് തടയുക എന്നീ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.<br>മദ്യപിച്ച് വാഹനമോടിച്ച് അപകടങ്ങൾ ഉണ്ടാക്കുന്ന ഡ്രൈവർ മാരുടെ ലൈസൻസ് സസ്പെന്റ് /റദ്ദാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (ബി)<br><br>(സി) | ഇതിനായി ഒരു കർമ്മപദ്ധതിക്ക് രൂപം നൽകുമോ; വിശദമാക്കുമോ;<br><br>റോഡ് സുരക്ഷാ ബോധവൽക്കരണ പരിപാടികൾ ഊർജ്ജിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; | (ബി) & (സി) | അപകടങ്ങളെ സംബന്ധിച്ചുള്ള ശാസ്ത്രീയമായ അന്വേഷണവും ഗവേഷണവും റോഡിന്റെയും ഗതാഗത നിയന്ത്രണ സംവിധാനങ്ങളുടെയും ആധുനികവൽക്കരണം, സ്കൂൾ തലത്തിലുള്ള റോഡ് സുരക്ഷ വിദ്യാഭ്യാസം, ഡ്രൈവർമാരുടെ പരിശീലനം, ഗതാഗത നിയമങ്ങളുടെ പാലനം ഉറപ്പു വരുത്തൽ, ട്രോമാകെയർ സംവിധാനങ്ങൾ ശക്തിപ്പെടുത്തൽ, പൊതു ജനങ്ങൾക്കുള്ള റോഡ് സുരക്ഷബോധവൽക്കരണം തുടങ്ങിയ പദ്ധതികളിലൂടെ മാത്രമേ അപകടങ്ങൾ ഗണ്യമായ തോതിൽ കുറയ്ക്കുവാൻ സാധിക്കുകയുള്ളൂ എന്ന വസ്തുത മുൻനിറുത്തി അതോറിറ്റി സ്വീകരിച്ച ചില നടപടികൾ ഇവയാണ്:-<br><br>**1. റോഡ് സുരക്ഷാ ബോധവൽക്കരണം**<br>റോഡ് സുരക്ഷയെ സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിലേക്കായി ടെലിവിഷൻ വഴി ഫിലിമുകൾ സംപ്രേക്ഷണം ചെയ്യുകയും എഫ്.എം. റേഡിയോ മുഖേന ബോധവൽക്കരണ പരിപാടികൾ നടത്തിവരുകയും ചെയ്യുന്നു.<br>ടിപ്പർലോറി/ചരക്കുവാഹനം എന്നിവയുടെ ഡ്രൈവർമാർക്ക് നാറ്റ്പാക്ക് വഴി റോഡ് സുരക്ഷാ പരിശീലനം നല്കി വരുന്നു.<br>റോഡ് സുരക്ഷാ ബോധവൽക്കരണം വ്യാപകമാക്കുന്നതിന്റെ ഭാഗമായി |

| | | | |
|---|---|---|---|
| | | | കേരളത്തിലെ സാധ്യമാകുന്ന എല്ലാ സിനിമാ തീയറ്ററുകളിലൂടെയും റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട ഹ്രസ്വ ചിത്രങ്ങൾ സംപ്രേക്ഷണം ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്.<br>രാത്രികാലത്ത് എയർപോർട്ടുകളിലേയ്ക്കുള്ള യാത്രക്കിടയിലുള്ള അപകടങ്ങൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി രാത്രികാല സവാരി നടത്തുന്ന ഡ്രൈവർമാരെയും, യാത്രക്കാരെയും ബോധവൽക്കരിക്കുന്നതിനായി "Safe night driving" എന്ന ലീഫ് ലെറ്റുകൾ വിതരണം ചെയ്തു വരുന്നു.<br>വാഹന ഡ്രൈവർമാരെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി 'റോഡ് റെഗുലേഷൻസ്' റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ മുഖേന എല്ലാ ജില്ലകളിലും വിതരണം ചെയ്തു വരുന്നു.<br>നാറ്റ്പാക്ക് തയ്യാറാക്കിയ സ്കൂളിലേയ്ക്കുള്ള സുരക്ഷിത പാത (Safe Road to School) എന്ന പുസ്തകത്തിന്റേയും അധ്യാപക പഠന സഹായി (Teachers Manual) എന്ന പുസ്തകത്തിന്റേയും ഇംഗ്ലീഷ്, മലയാളം വാല്യങ്ങളുടെ കോപ്പികൾ ആർ.റ്റി.ഒ മാർ മുഖേന കേരളത്തിലെ സ്കൂളുകളിൽ വിതരണം ചെയ്ത് വരികയാണ്.<br>സ്കൂൾ വിദ്യാർത്ഥികൾക്ക് റോഡ് സുരക്ഷാ ബോധവൽക്കരണം നൽകുന്നതിന്റെ ഭാഗമായി നാറ്റ്പാക്ക് തയ്യാറാക്കിയ അഞ്ച് റോഡ് സുരക്ഷ ഹ്രസ്വ ചിത്രങ്ങൾ കേരളത്തിലെ സ്കൂളുകളിൽ പ്രദർശിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്.<br><br>**2. റോഡ് സുരക്ഷാ ക്ലബ്.**<br>റോഡ് സുരക്ഷയെ സംബന്ധിച്ച് വിദ്യാർത്ഥികളിൽ അവബോധം ഉണ്ടാക്കുവാനും റോഡ് സുരക്ഷാ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളെ |

| | | | |
|---|---|---|---|
| | | | പങ്കാളികളാക്കുവാനും കേരളത്തിലെ സ്കൂൾ / കോളേജുകളിൽ 157 റോഡ് സുരക്ഷാ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. ഇത് കേരളത്തിലെ എല്ലാ സ്കൂൾ / കോളേജുകളിലും തുടങ്ങുവാനുള്ള നടപടികൾ സ്വികരിച്ചുവരുന്നു.<br>**<u>3. റോഡ് സുരക്ഷാ പ്രോജക്ടും, ഗവേഷണവും.</u>**<br>ആലപ്പുഴ ജില്ലയിലെ ആലപ്പുഴ-മധുര, അമ്പലപ്പുഴ - തിരുവല്ല, അർത്തുങ്കൽ - ചെല്ലാനം എന്നീ റോഡുകളുടെ സേഫ്റ്റി ഓഡിറ്റ് നാറ്റ്പാക്കിന്റെ സഹായത്തോടെ കേരള റോഡ് സുരക്ഷാ അതോറിറ്റി ചെയ്തു കഴിഞ്ഞു. സംസ്ഥാനത്തിന്റെ റോഡ് സുരക്ഷാ നയത്തിന്റെ കരട് നാറ്റ്പാക്ക് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്.<br>**<u>4. ട്രോമാകെയർ.</u>**<br>ട്രോമാകെയർ സംവിധാനം ശക്തിപ്പെടുത്തുവാൻ ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് കേരള റോഡ് സുരക്ഷാ അതോറിറ്റി നടപടികൾ ആവിഷ്കരിച്ച് വരുന്നു. ആംബുലൻസ് സജ്ജീകരിക്കുന്നതിലേയ്ക്കായി 130 ലക്ഷം രൂപയും, ഹരിപ്പാട്, വടകര, പയ്യന്നൂർ, തിരൂർ , പത്തനംതിട്ട തുടങ്ങിയ കേന്ദ്രങ്ങളിൽ ട്രോമാകെയർ സെന്ററുകൾ സജ്ജീകരിക്കുന്നതിലേയ്ക്കായി 370 ലക്ഷം രൂപയും, കേരളാ എമർജെൻസി മെഡിക്കൽ സ്കീമിന്റെ ആംബുലൻസുകൾക്കുള്ള പ്രവർത്തന ചെലവിലേയ്ക്കുള്ള ഒറ്റ തവണ സഹായം എന്ന നിലയ്ക്ക് 50 ലക്ഷം രൂപയും ആരോഗ്യവകുപ്പിന് കൈമാറിയുണ്ട്.<br>**<u>5. പരസ്യ ബോർഡുകൾ.</u>**<br>അപകടത്തിന് കാരണമായേക്കാവുന്ന അനധികൃത പരസ്യ ബോർഡുകൾ നീക്കം ചെയ്യുന്നതിന് ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകളെ ചുമതലപ്പെടുത്തി യിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | **6. സ്റ്റുഡൻസ് കേഡറ്റ് പ്രൊജക്ക്.**<br>പോലീസ് വകുപ്പിന്റെ നേതൃത്വത്തിൽ കേരളത്തിലെ 128 സ്കൂളുകളിൽ രൂപീകരിച്ചിരിക്കുന്ന സ്റ്റുഡൻസ് പോലീസ് കേഡറ്റ് പ്രൊജക്റ്റിന്റെ ഭാഗമായി സ്കൂളുകളിൽ കമ്മ്യൂണിറ്റി ലെവൽ റോഡ് സുരക്ഷാ പ്രോഗ്രാം നടപ്പിലാക്കുന്നതിന് പോലീസ് വകുപ്പിന് ഒരു കോടി രൂപ അനുവദിക്കുവാൻ കെ.ആർ.എസ്.എ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.<br>**7. ഫുട്പാത്ത് കൈയ്യേറ്റം.**<br>നിയമവിരുദ്ധമായി ഫുട്പാത്ത് കൈയ്യേറുന്നവരെ ഒഴിപ്പിക്കുവാനും അവർക്കെതിരെ റോഡ് സുരക്ഷ അതോറിറ്റി ആക്ടിലെ 14,15,16,17 സെക്ഷൻ പ്രകാരം നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ എല്ലാ ജില്ലാ റോഡ് സുരക്ഷാ ചെയർമാൻമാർ, സിറ്റി പോലീസ് കമ്മീഷണർമാർ, ജില്ലാ പോലീസ് സൂപ്രണ്ട്മാർ, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ എന്നിവർക്ക് നിർദ്ദേശം നൽകി യിട്ടുണ്ട്.<br>**8. വാഹന കുരുക്ക് തടയൽ.**<br>കേരളത്തിലെ നഗരങ്ങളിൽ വർദ്ധിച്ചുവരുന്ന വാഹനകുരുക്ക് തടയുന്നതിന്റെ ഭാഗമായി ആദ്യ ഘട്ടമെന്ന നിലയിൽ നഗരങ്ങളിലെ സ്കൂളുകളുടെ പ്രവർത്തനസമയം വ്യത്യസ്ഥമാക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തൊട്ടാകെ ട്രാഫിക് സൈൻ ബോർഡുകൾ സ്ഥാപിക്കുന്നതിന് 6.1 കോടി രൂപ പൊതുമരാമത്ത് വകുപ്പിന് നൽകിയിട്ടുണ്ട്.<br>**9. ദശവത്സര റോഡ് സുരക്ഷാ പദ്ധതി.**<br>റോഡ് സുരക്ഷയ്ക്കായുള്ള 2011-2020 ദശകത്തിലേക്കുള്ള പൊതുവായ റോഡ് സുരക്ഷാ പരിപാടികൾക്കായി വിവിധ |

| | | | |
|---|---|---|---|
| | | | വകുപ്പുകൾ റോഡ് സുരക്ഷാ പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്. 2020-ഓടെ വാഹന ദുരന്തങ്ങൾ ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പരിപാടികൾക്കായി , താഴെ പറയുന്ന പ്രകാരം വിവിധ വകുപ്പുകൾക്ക് ഫണ്ട് അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.<br>**(എ) പൊതുമരാമത്ത് വകുപ്പ് .**<br>216 ബ്ലാക്സ്പോട്ട് - അപകട നിവാരണത്തിന് 20.5 കോടിയും, സ്കൂൾ സോൺ അപകട നിവാരണത്തിനു 10 കോടിയും, ബസ് ബേയ്യും ബസ് ഷെൽറ്ററും നിർമ്മിക്കുവാൻ 19 കോടിയും ചേർന്ന് 49.50 കോടി രൂപ പൊതുമരാമത്ത് വകുപ്പിന് അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിൽ 19 കോടി രൂപ ഈ വർഷം തന്നെ അടിയന്തിരമായി അനുവദി ക്കുവാനുമുള്ള തീരുമാനത്തിന്റെ ഭാഗമായി ആദ്യഘട്ടം 3 കോടി രൂപ പൊതുമരാമത്ത് വകുപ്പിന് നൽകി കഴിഞ്ഞു.<br>**(ബി) പോലീസ് ഡിപ്പാർട്ടുമെന്റ് .**<br>110 ഇന്റർസെപ്റ്റർ വാങ്ങുന്നതിന് 35 കോടി രൂപ അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിൽ 4 കോടി രൂപ ഈ സാമ്പത്തിക വർഷം നൽകും. ആൽകോമീറ്റർ വാങ്ങുന്നതിന് 2 കോടി രൂപയും, പോലീസുകാർക്ക് ട്രോമാകെയർ പരിശീലനത്തിന് 2.25 ലക്ഷം രൂപയും പോലീസ് വകുപ്പിന് നൽകി കഴിഞ്ഞു.<br>**(സി) മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റ്.**<br>മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റിൽ റോഡ് സുരക്ഷാ ബോധവൽക്കരണത്തിനും വിവിധ റോഡ് സുരക്ഷ പ്രവർത്തന ങ്ങൾക്കുമായി 15,64,99,152/- രൂപ |

| | | | |
|---|---|---|---|
| | | | നല്ലിയിട്ടുണ്ട്. വ്യാപകമായ ബോധവൽക്കരണ പരിപാടികൾ ആവിഷ്കരിച്ച് വരുന്നു. വിവിധ തരത്തിലുള്ള വാഹന ഡ്രൈവർ മാർക്കുള്ള ബോധവൽക്കരണ പരിപാടികൾ ആരംഭിച്ചു കഴിഞ്ഞു.<br>**(ഡി) നാറ്റ്പാക്.**<br>റോഡ് സുരക്ഷാ പഠനത്തിനും, ബോധവൽക്കരണ പരിപാടികൾ ഉൾപ്പെടെയും വിവിധ റോഡ് സുരക്ഷാ പ്രവർത്തനങ്ങൾക്കുമായി നാറ്റ്പാക്കിന് 57,82,000/- രൂപ നല്ലിയിട്ടുണ്ട്.<br>**(ഇ) കെൽട്രോൺ.**<br>തിരുവനന്തപുരം നഗരത്തിലെ 62 ജംഗ്ഷനുകളിലും, കൊച്ചി നഗരത്തിലെ 14 ജംഗ്ഷനുകളിലും, കോഴിക്കോട് നഗരത്തിലെ 27 ജംഗ്ഷനുകളിലും, സ്പീഡ് ഡിറ്റക്ഷൻ ആന്റ് സെക്യൂരിറ്റി കം വയലേഷൻ ഡിറ്റക്ഷൻ ക്യാമറകൾ ഘടിപ്പിക്കുന്നതിന് 6.1 കോടി രൂപ അനുവദിച്ചു.<br>ചേർത്തല- മണ്ണുത്തി മാതൃകാ റോഡിൽ റഡാർ സർവൈലൻസ് സിസ്റ്റവും, ട്രാഫിക് റഗുലേറ്റിംഗ് സംവിധാനവും നടപ്പിലാക്കുന്നതിന് മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിന് 2,24,67,763/- രൂപ അനുവദിച്ചിട്ടുണ്ട്.<br>(എഫ്) റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, കോഴിക്കോട്, എറണാകുളം. ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾക്ക് 15 ലക്ഷം രൂപ വീതവും, മറ്റു ഒൻപത് ജില്ലകൾക്ക് 10 ലക്ഷം രൂപ വീതവും ആകെ ഒരു കോടി അറുപത്തിഅഞ്ചു ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| | | | |

| | | | |
|---|---|---|---|
| (ഡി) | ഇതിൽ സ്റ്റുഡൻസ് പോലീസ് കേഡറ്റുകൾ, സന്നദ്ധ സംഘടനകൾ മുതലായവരുടെ സജീവ പങ്കാളിത്തം ഉറപ്പ് വരുത്തുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | പോലീസ് വകുപ്പിന്റെ നേതൃത്വത്തിൽ കേരളത്തിലെ 128 സ്കൂളുകളിൽ രൂപീകരിച്ചിരിക്കുന്ന സ്റ്റുഡൻസ് പോലീസ് കേഡറ്റ് പ്രൊജക്റ്റിന്റെ ഭാഗമായി സ്കൂളുകളിൽ കമ്മ്യൂണിറ്റി ലെവൽ റോഡ് സുരക്ഷാ പ്രോഗ്രാം നടപ്പിലാക്കുന്നതിന് പോലീസ് വകുപ്പിന് ഒരു കോടി എഴുപത്തൊന്നുലക്ഷത്തി അയ്യായിരം രൂപ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ